“ഭരണഭാഷ-മാതൃഭാഷ”

നം. IT/17000/19

വനിത ശിശു വികസന വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
പൂജപ്പുര, തിരുവനന്തപുരം
E-mail: directorate.wcd@kerala.gov.in
തീയതി: 16/07/2021

**ക്വട്ടേഷൻ നോട്ടീസ്**

വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി നെറ്റ് വർക്കിംഗ് സൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്. ആയതിലേയ്ക്ക് Multi Wan Load Balancer, Giga Switches, Access Point എന്നിവ സ്ഥാപിച്ച് Configure ചെയ്ത് പ്രവർത്തന സജ്ജമാക്കുന്നതിന് ടി. മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ മുദ്ര വെച്ച കവറിൽ ക്ഷണിക്കുന്നു. Multi Wan Load Balancer, Giga Swithces, Access Point എന്നിവയുടെ ബ്രാൻഡ്, ലേബർ ചാർജ്ജ് എന്നിവ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

ക്വാട്ട് ചെയ്തിരിക്കുന്ന തുകയ്ക്ക് നെഗോസിയേഷനു ശേഷം അംഗീകാരം ലഭിക്കുന്ന ക്വട്ടേഷണർ ടി. പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. **ക്വട്ടേഷനുകൾ വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ട അവസാന തീയതി 26/07/2021 ഉച്ചയ്ക്ക് 2 മണിയായി നിജപ്പെടുത്തുന്നു.** (ടി. ദിവസം പൊതു അവധിയായി പ്രഖ്യാപിക്കപ്പെട്ടാൽ അടുത്ത പ്രവൃത്തി ദിവസം). ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിനു മുകളിൽ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് നെറ്റ് വർക്കിംഗ് സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ക്വട്ടേഷനുകൾ **26/07/2021** തീയതി **3** പി.എം ന് സന്നിഹിതരായിരിക്കുന്ന ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ തുക അംഗീകരിക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അറിയാവുന്നതാണ്. ക്വട്ടേഷൻ നടപടിക്രമങ്ങളിൽ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

വനിതാ ശിശു വികസന ഡയറക്ടർക്കു വേണ്ടി

നോട്ടീസ് ബോർഡ്
വെബ് സൈറ്റ്